No. of Printed Pages : 8 **FML-01**

**BDP / BCA / BTS**

**Term-End Examination**

**December, 2022**

## FML-01 : FOUNDATION COURSE IN MALAYALAM

*Time : 2 hours* *Maximum Marks : 50*

---

***സൂചനകൾ :***

*(i)* *ചോദ്യം 1 :* ***രണ്ട്*** *ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക. ഓരോന്നിനും 10 മാർക്ക് വീതം.*

*(ii)* *ചോദ്യം 2 :* ***മൂന്ന്*** *ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം.*

*(iii)* *ചോദ്യം 3 : തർജ്ജമ (ഇംഗ്ലിഷിൽ നിന്ന് മലയാളത്തിലേക്ക്). ചോയിസ് ഇല്ല. 5 മാർക്ക്.*

*(iv)* *ചോദ്യം 4 :* ***എല്ലാ*** *ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിനും 1 മാർക്ക് വീതം.*

*(v)* *ഉത്തരങ്ങൾ എഴുതുമ്പോൾ അതാത് ചോദ്യത്തിന്റെ നമ്പർ എഴുതുക.*

**1.** താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് ഉപന്യാസരീതിയിൽ ഉത്തരമെഴുതുക : *2×10=20*

(a) മലയാളവ്യാകരണത്തിൽ പ്രകൃതി, പ്രത്യയം, ഇടനില എന്നിവ ഉദാഹരണസഹിതം നിർവചിച്ച് പദരൂപീകരണത്തെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.

(b) വൈലോപ്പിള്ളി ശ്രീധരമേനോൻ രചിച്ച "മാമ്പഴം" എന്ന കവിതയിൽ അമ്മയുടെ തീരാവ്യഥയും കുട്ടിയിൽ ജനിച്ച കൗതുകവും ക്ഷണനേരം കൊണ്ട് മാറിത്തീരുന്ന ഭാവവുമൊക്കെ ചിത്രീകരിച്ച ഈ കവിതയുടെ അന്തഃസത്ത വിവരിക്കുക.

(c) വംശാധിപത്യത്തെക്കാളും വർഗ്ഗാധിപത്യത്തെക്കാളും ഒരു സമൂഹത്തിൽ ജനാധിപത്യം നിലനിർത്തണമെങ്കിൽ നല്ലത് ജനാധിപത്യമാണ്. “ജനാധിപത്യം നമ്മുടെ നാട്ടിൽ” എന്ന ലേഖനത്തെ അടിസ്ഥാനമാക്കി ജനാധിപത്യത്തിന്റെ ഗുണഗണങ്ങളക്കുറിച്ച് വ്യാഖ്യാനരീതിയിൽ വിശദീകരിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.

(d) വാർത്താമാധ്യമങ്ങളിൽ ലേഖനവും ഫീച്ചറും തമ്മിലുള്ള വ്യത്യാസമെന്താണ് ? ഒരു ഫീച്ചറിനെ അടിസ്ഥാനമാക്കി നിരീക്ഷണപാടവത്തോടെ ഉപന്യാസം തയ്യാറാക്കുക.

(e) പൂക്കൾക്ക് ആധാരമായ കാര്യങ്ങളെക്കുറിച്ചും സി.വി. രാമന്റെ കണ്ടുപിടുത്തങ്ങളെക്കുറിച്ചും വിവരിക്കുക.

**2.** താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും **മൂന്ന്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക : *3×5=15*

(a) സസ്തനങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് ഒരു കുറിപ്പ് തയ്യാറാക്കുക.

(b) വിവർത്തനം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ് ? ഭാവനാത്മകമായ കൃതികളുടെയും ആശയപ്രധാനമായ രചനകളുടെയും വ്യത്യാസം വ്യക്തമാക്കുക.

(c) ജീവചരിത്രവും ആത്മകഥയും തമ്മിലുള്ള വ്യത്യാസമെന്താണെന്ന് കേസരി ബാലകൃഷ്ണപിള്ളയുടെ ജീവചരിത്രത്തെക്കുറിച്ച് കെ.പി. ശങ്കരമേനോൻ രചിച്ച കൃതിയെ അടിസ്ഥാനമാക്കി വിലയിരുത്തുക.

(d) രണ്ട് പഴഞ്ചൊല്ലുകൾ ഉദാഹരിച്ച് വിപുലനമെന്താണന്ന് വിശദീകരിക്കുക.

(e) കേരളചരിത്രത്തിൽ ചാവേറ്റുപടയുടെ ധർമ്മവും പങ്കും രേഖപ്പെടുത്തുക.

**3.** താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്യുക : *5*

Abundant water is the main necessity for the animals and birds. During summer months the zoo officials keep them hydrated with glucose, calcium tablets, etc. Water is sprinkled on animals, especially the ones like elephants, giraffes, zebras, camels, lions and chimpanzees. Like all living beings, animals in captivity too require attention to keep them healthy during the sweltering heat. Otherwise, they get dehydrated quickly in the heat. In the zoo the temperatures are comparatively less due to the green cover spread across the zoo. Scarcity of water is not only affecting man but also animals and birds. People who are conscious of the requirement of the animals and birds are keeping small basins or pots filled with water in front of their houses or rooftops, so that the birds can come and drink water.

**4.** താഴെ കൊടുത്തിരിക്കുന്ന **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക : *10×1=10*

(a) (i) പ്രാഗ് രൂപം എന്നാലെന്ത് ?

(ii) താഴെ കൊടുത്തിരിക്കുന്ന ശൈലീപ്രയോഗങ്ങളുടെ അർത്ഥമെഴുതുക :

ചെണ്ട കൊട്ടിക്കുക,

അങ്ങാടിപ്പാട്ടാവുക

(iii) താഴെ കൊടുത്തിരിക്കുന്ന വാക്കുകളുടെ നാമരൂപമെഴുതുക :

ദീന, പുതു

(iv) ചേർത്തെഴുതുക :

വിൺ + തലം =

മർത്യ + ഏക =

(v) പിരിച്ചെഴുതുക :

ജനൗഘം, മഹേശൻ

(b) ആവരണങ്ങളിൽ കൊടുത്തിട്ടുള്ളവയിൽ നിന്ന് തിരഞ്ഞെടുത്ത് പൂരിപ്പിക്കുക :

(i) "ഞാൻ കോന്നോത്തു ഉണ്ണ്യാരുടെ മകനാ. ഞാനും ന്റമ്മീം ഇവ്ടത്താ." ഈ വരികൾ ഏതു കൃതിയിൽനിന്നാണ് ?
(നാലുകെട്ട്, അവൻ വീണ്ടും വരുന്നു, പ്രകാശം പരത്തുന്ന പെൺകുട്ടി)

(ii) സമാസരൂപങ്ങളിൽ ഉത്തരഭാഗം പ്രധാനമായി തീരുമ്പോൾ __________ സമാസമാണ്.
(തൽപുരുഷൻ, ബഹുവ്രീഹി, അവ്യയീഭാവൻ)

(iii) മനസ്സിന്റെ കേന്ദ്രം ________ ആണ്.
(പ്ലീഹ, ഹൃദയം, മസ്തിഷ്കം)

(iv) ഉന്നത സ്ഥാനങ്ങളിൽ എത്തുന്ന സുഹൃത്തുക്കളെ പ്രശംസിച്ചുകൊണ്ട് എഴുതുന്ന കത്താണ് __________ .

(വ്യാപാരകത്ത്, അനുമോദനകത്ത്, സ്വകാര്യകത്ത് )

(v) ഒരു പത്രത്തിന്റെ ഏറ്റവും പ്രധാനഭാഗവും വീക്ഷണവും __________ ആണ്.

(പ്രസംഗം, മുഖപ്രസംഗം, തലക്കെട്ട്)